# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1883 15.07.2016 ന് മറുപടിയ്ക്ക്.

## ആനക്കൊമ്പ് കേസ്സിലെ അന്വേഷണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) അജിബ്രൈറ്റ് അടക്കമുള്ള ആനക്കൊമ്പ് കേസിലെ പ്രതികളെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാം പരാതികളിന്മേൽ അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും ഓരോ പരാതിയിന്മേലുള്ള അന്വേഷണ പുരോഗതിയും വിശദമാക്കാമോ ; | (എ) അജിബ്രൈറ്റ് അടക്കമുള്ള ആനക്കൊമ്പ് കേസിലെ പ്രതികളെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ വനം വകുപ്പിൽ ഒരു പരാതിയും, വനംവകുപ്പ മന്ത്രി മുമ്പാകെ ഒരു പരാതിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ 1026/2015 എന്ന നമ്പരിൽ ഒരു ക്രൈം കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. വനം വകുപ്പിനു ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിയതിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമായി കണ്ടെത്തിയതിനാൽ തീർപ്പാക്കിയിട്ടുള്ളതാണ്.<br>വനം വകുപ്പ് മന്ത്രി മുമ്പാകെ ശ്രീ.അജിബ്രൈറ്റിന്റെ മാതാവ് ശ്രീമതി.ലീല സമർപ്പിച്ച ടി പരാതിയിന്മേൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) വനംവകുപ്പല്ലാതെ ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ വേറെ ഏതെല്ലാം ഏജൻസികളാണ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, കേരളാ പോലീസ് എന്നിവരും ബന്ധപ്പെട്ട കേസ്സുകൾ അന്വേഷിക്കുന്നുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട് ബഹു. വനംവകുപ്പ് മന്ത്രി പ്രഖ്യാപിച്ച അന്വേഷണത്തിന്റെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ? | (സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ